ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

**DATE: 11.07.2026** പ്രധാന വാർത്തകൾ **TIME : 07.25 AM**

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂസിലാൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സനുമായി കൂടിക്കാഴ്ച്ച നടത്തി; ഇന്ത്യൻ സമൂഹത്തെ ഇന്ന് അഭിസംബോധന ചെയ്യും.

   **Prime Minister Narendra Modi meets New Zealand Prime Minister Christopher Luxon; PM Modi to address the Indian Diaspora today.**

2. ഐ എൻ എസ് 'മഹേന്ദ്രഗിരി' ഇന്ന് വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യും; ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് മുഖ്യാതിഥിയാകും.

   **Indigenous stealth frigate INS *Mahendragiri* to be commissioned in Visakhapatnam today; Defence Minister Rajnath Singh to attend as Chief Guest.**

3. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഒമാൻ വിദേശകാര്യ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. ഹോർമുസിൽ കപ്പൽ ഗതാഗതം സുഗമമാക്കുന്നത് അടക്കമുള്ള വിഷയങ്ങൾ ചർച്ചയായി.

   **External Affairs Minister S. Jaishankar meets Oman's Foreign Minister; discussions focus on regional issues, including facilitating shipping through the Strait of Hormuz.**

4. വയനാട് തുരങ്കപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൂട്ടിയിട്ടിരിക്കുന്ന മണ്ണ് നീക്കുന്നതിൽ റിപ്പോർട്ട് സമർപ്പിക്കാൻ മൂന്നംഗ വിദഗ്ധ സമിതിയെ

നിയോഗിച്ച് സംസ്ഥാന സർക്കാർ.

**Kerala Government appoints a three-member expert committee to submit a report on the removal of excavated soil from the Wayanad tunnel project.**

5. 'യുവജനങ്ങളുടെ പ്രതീക്ഷകളും അഭിലാഷങ്ങളും സാക്ഷാത്കരിക്കുക' എന്ന പ്രമേയവുമായി ഇന്ന് ലോക ജനസംഖ്യാ ദിനം.

   **World Population Day is observed today with the theme: "Realising the Hopes and Aspirations of Youth.**

6. ഫിഫ ലോകകപ്പ് ഫുട്ബോളിലെ രണ്ടാം ക്വാർട്ടർ ഫൈനലിൽ ബെൽജിയത്തെ പരാജയപ്പെടുത്തി സ്പെയിൻ സെമിയിൽ.

   **FIFA World Cup: Spain defeats Belgium in the second quarter-final to book a place in the semi-finals.**

# PM MODI-NZ VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഓക്ക്‌ലൻഡിൽ ന്യൂസിലാൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സനുമായി ഉഭയകക്ഷി ചർച്ച നടത്തി. വ്യാപാരം, വാണിജ്യം, പ്രതിരോധം എന്നീ മേഖലകളിൽ കൈവരിച്ച പുരോഗതി ഇരു നേതാക്കളും അവലോകനം ചെയ്തു. വ്യവസായ-കായിക മേഖലകളിലെ പ്രമുഖരുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

**വിശദാംശങ്ങളിലേക്ക്....**

*(വോയിസ്)*

*ഓസ്ട്രേലിയ, ഇന്തോനേഷ്യ എന്നിവിടങ്ങളിലെ സന്ദർശനങ്ങൾ വിജയകരമായി പൂർത്തിയാക്കിയ പ്രധാനമന്ത്രി ഇന്നലെയാണ് ഓക്ക്‌ലൻഡിൽ എത്തിയത്. വിമാനത്താവളത്തിൽ*

*ന്യൂസിലാൻഡ് പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ശ്രീ മോദിക്ക് ഊഷ്മള വരവേൽപ്പ് നൽകി. ന്യൂസിലാൻഡിലെ ഇന്ത്യൻ പ്രവാസി സമൂഹത്തെയും പ്രധാനമന്ത്രി ഇന്ന് അഭിസംബോധന ചെയ്യും. തലമുറകളിലൂടെ ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്ന ന്യൂസിലാൻഡിലെ ഇന്ത്യൻ പ്രവാസികളെ അദ്ദേഹം അഭിനന്ദിച്ചു. പ്രധാനമന്ത്രിയുടെ രണ്ട് ദിവസത്തെ സന്ദർശനത്തോട് അനുബന്ധിച്ച് ന്യൂസിലാൻഡിലെ പ്രശസ്തമായ 'സ്കൈ ടവർ' ത്രിവർണ്ണ പതാകയുടെ നിറങ്ങളിൽ ദീപാലങ്കൃതമാക്കിയിരുന്നു. നാല് പതിറ്റാണ്ടിനിടയിൽ ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ന്യൂസിലാൻഡിൽ ഔദ്യോഗിക സന്ദർശനം നടത്തുന്നത്.*

*ന്യൂസ്ഡെസ്ക് ആകാശവാണി......*

**********************************

## VP-BIHAR VISIT

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഒരു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ബിഹാറിലെ ഗയയിലെത്തും. സന്ദർശന വേളയിൽ, ഗയയിലെ ബിഹാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ ആൻഡ് റൂറൽ ഡെവലപ്മെന്റിൽ ബിഹാർ നിയമസഭയിലെ അംഗങ്ങൾക്കുള്ള പരിശീലന പരിപാടി അദ്ദേഹം ഉദ്ഘാടനം ചെയ്യും.

**********************************

## HM-PORT SECURITY

രാജ്യത്തിന്റെ തീരദേശ സുരക്ഷ ഉറപ്പാക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. തുറമുഖ സുരക്ഷയ്ക്ക് ചുമതലപ്പെടുത്തുന്ന സ്വകാര്യ സുരക്ഷാ ഏജൻസികൾക്ക് കൃത്യമായ ലൈസൻസ് ഉണ്ടാകണമെന്നും, മികച്ച പരിശീലനം ലഭിച്ച CISF ഉദ്യോഗസ്ഥരെ മാത്രമേ വിന്യസിക്കാവൂ എന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര തുറമുഖ

മന്ത്രി സർബാനന്ദ സോനോവാളിനൊപ്പം ബ്യൂറോ ഓഫ് പോർട്ട് സെക്യൂരിറ്റിയുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുകയായിരുന്നു അദ്ദേഹം. മത്സ്യബന്ധന തുറമുഖങ്ങളുടെ സുരക്ഷാ ക്രമീകരണങ്ങളും ശ്രീ ഷാ വിലയിരുത്തി. മത്സ്യത്തൊഴിലാളികൾക്കായുള്ള ISRO-യുടെ 'നഭ് മിത്ര' ആപ്പിന് കൂടുതൽ പ്രചാരം നൽകണമെന്ന് കേന്ദ്രമന്ത്രി നിർദ്ദേശിച്ചു.

*********************************

## RAJNATH-MAHENDRAGIRI INDUCTION

ഇന്ത്യൻ നാവികസേനയുടെ ആറാമത്, തദ്ദേശീയ പ്രൊജക്ട് 17എ യുദ്ധക്കപ്പലായ 'മഹേന്ദ്രഗിരി' ഇന്ന് ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ചടങ്ങിൽ മുഖ്യാതിഥിയാകും. ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ സമാധാനവും സ്ഥിരതയും ഉറപ്പാക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന്, കമ്മീഷനിംഗിന് മുന്നോടിയായി വിശാഖപട്ടണത്ത് നാവികസേനാംഗങ്ങളെ അഭിസംബോധന ചെയ്ത രാജ്യരക്ഷാമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ സമുദ്ര താൽപര്യങ്ങൾ സംരക്ഷിക്കുന്നതിലും ആഗോള സുരക്ഷയിലും നാവികസേന വഹിക്കുന്ന പങ്കിനെ അദ്ദേഹം അഭിനന്ദിച്ചു.

*********************************

## S. JAISHANKAR-INDIA-OMAN

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ മസ്കറ്റിൽ ഒമാൻ വിദേശകാര്യ മന്ത്രി ബദർ ബിൻ ഹമദ് അൽ ബുസൈദിയുമായി കൂടിക്കാഴ്ച നടത്തി. വ്യാപാരം, നിക്ഷേപം, കണക്റ്റിവിറ്റി, സമുദ്രം, പ്രതിരോധം, നിർമ്മിത ബുദ്ധി മേഖലകൾ ചർച്ചയായതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ഹോർമുസിൽ  കപ്പൽ ഗതാഗതം സുഗമമാക്കുന്നതും ഗൾഫ് മേഖലയിൽ സമാധാനവും സ്ഥിരതയും ഉറപ്പാക്കാനുള്ള ശ്രമങ്ങളും ഇരു നേതാക്കളും ചർച്ച ചെയ്തു.

*******************************

## US-IRAN CONFLICT

ചെറിയ ഇടവേളയ്ക്ക് ശേഷം യുഎസ്-ഇറാൻ സംഘർഷം പുനഃരാരംഭിച്ചത് ഹോർമുസ് കടലിടുക്ക് വഴിയുള്ള അന്താരാഷ്ട്ര ചരക്കുനീക്കത്തെ ബാധിച്ചതായി റിപ്പോർട്ട്. സംഘർഷത്തെ തുടർന്ന് ഹോർമുസിലെ ചരക്കുനീക്കം മന്ദഗതിയിലായി. LNG-യും എണ്ണയും വഹിച്ചുകൊണ്ടുള്ള കപ്പൽഗതാഗതം ജൂൺ 28-ന് ശേഷമുള്ള ഏറ്റവും കുറഞ്ഞ നിരക്കിലെത്തിയെന്നാണ് സൂചന. വാണിജ്യ കപ്പലുകൾക്കുനേരെ ഇറാൻ നടത്തിയ ആക്രമണത്തിനും ഇറാന് നേർക്ക് യുഎസ് നടത്തുന്ന പ്രത്യാക്രമണത്തിനും പിന്നാലെയാണ് ഹോർമുസ് അശാന്തമായത്.

*******************************

## MEGHWAL - MONSOON SESSION

പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈ മാസം 20 ന് ആരംഭിച്ച് ഓഗസ്റ്റ് 13 വരെ തുടരും. വർഷകാല സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ പാർലമെന്ററി കാര്യ സഹമന്ത്രി അർജുൻ റാം മേഘ്‌വാളും കേന്ദ്രസഹമന്ത്രി. എൽ. മുരുകനും വിലയിരുത്തി. വരാനിരിക്കുന്ന സമ്മേളനത്തിലെ നിയമനിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമഗ്ര അവലോകനം നടത്തിയതായി ശ്രീ മേഘ്‌വാൾ അറിയിച്ചു.

*******************************

## KAVACH DEPLOYMEN

റെയിൽ സുരക്ഷയും പ്രവർത്തനക്ഷമതയും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 680 കിലോമീറ്റർ ദൂരം കൂടി കവച് സംവിധാനം നടപ്പാക്കുമെന്ന് റെയിൽവേ മന്ത്രാലയം. ഇതിനായി 206 കോടി രൂപ അനുവദിച്ചു. ഡൽഹി ഡിവിഷനിലെ രണ്ട് സെക്ഷനുകളിലാണ് കവച് 4.0 സ്ഥാപിക്കുക. സിഗ്നൽ ലംഘനവും ട്രെയിൻ അപകടങ്ങളും തടയുന്നതിനായി

തദ്ദേശീയമായി വികസിപ്പിച്ച സുരക്ഷാ സംവിധാനമാണ് കവച്. ട്രെയിനുകളുടെ നീക്കം നിരന്തരം നിരീക്ഷിക്കുന്ന ഈ സംവിധാനം അവശ്യഘട്ടങ്ങളിൽ സ്വമേധയാ പ്രവർത്തിച്ച് സുരക്ഷ ഉറപ്പാക്കും.

*********************************

## WAYANAD-KALLADY TUNNEL

വയനാട് കള്ളാടി തുരങ്ക പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൂട്ടിയിട്ടിരിക്കുന്ന മണ്ണ് ഏത് വിധത്തിൽ നീക്കം ചെയ്യണമെന്നതിനെ കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിച്ചു. മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയും പൊതുമരാമത്ത് മന്ത്രിയും നടത്തിയ കൂടിക്കാഴ്ചയിലാണ് സമിതിയെ നിയോഗിക്കാൻ ധാരണയായത്.

*********************************

## RAIN-KERALAM

കേരളത്തിലെ എല്ലാ ജില്ലകളിലും ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം.

*********************************

## KARAPUZHA DAM

കാലവർഷ മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി വയനാട് കാരാപ്പുഴ അണക്കെട്ടിന്റെ മൂന്ന് ഷട്ടറുകൾ ഇന്ന് രാവിലെ 11 മണിക്ക് തുറക്കും. പുഴയിലെ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ കാരാപ്പുഴയുടെ തീരങ്ങളിൽ താമസിക്കുന്നവർ അതീവ ജാഗ്രത പാലിക്കണം.

*********************************

## FIFA-QUARTER-FINAL (INTRO)

ഫിഫ ലോകകപ്പ് ഫുട്ബോളിലെ രണ്ടാം ക്വാർട്ടർ ഫൈനലിൽ ബെൽജിയത്തെ പരാജയപ്പെടുത്തി സ്പെയിൻ സെമി ഫൈനലിൽ. ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് സ്പെയിനിന്റെ ജയം. നാളെ നടക്കാനിരിക്കുന്ന ക്വാർട്ടർ മത്സരങ്ങളിൽ നോർവേ ഇംഗ്ലണ്ടിനെയും അർജന്റീന സ്വിറ്റ്സർലൻഡിനെയും നേരിടും.

**ആകാശവാണിക്ക് വേണ്ടി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്......**

(വോയിസ്....)

നാളെ രാവിലെ 06.30 നാണ് അർജന്റീന - സ്വിറ്റ്സർലാൻഡ് പോരാട്ടം.

**********************************

## WORLD POPULATION DAY

ഇന്ന് ലോക ജനസംഖ്യാ ദിനം. കുടുംബാസൂത്രണത്തിന്റെ പ്രാധാന്യം, ലിംഗസമത്വം, ദാരിദ്ര്യം, മാതൃ ആരോഗ്യം, മനുഷ്യാവകാശങ്ങൾ തുടങ്ങിയ വിവിധ ആഗോള ജനസംഖ്യാ പ്രശ്നങ്ങളെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കുക എന്നതാണ് ലോക ജനസംഖ്യാ ദിനത്തിന്റെ ലക്ഷ്യം. "യുവജനങ്ങളുടെ പ്രതീക്ഷകളും അഭിലാഷങ്ങളും സാക്ഷാത്കരിക്കുക- ഇന്നും ഭാവിയിലേക്കും" എന്നതാണ് ഈ വർഷത്തെ ലോക ജനസംഖ്യാ ദിനത്തിന്റെ പ്രമേയം.

**********************************

## JAYANTH CHAUDHARY

നാളത്തെ ജോലി സാദ്ധ്യതകൾ കണക്കിലെടുത്തതാവണം ഇന്നത്തെ ക്ലാസ് മുറികൾ രൂപകൽപ്പന ചെയ്യേണ്ടത് എന്ന് കേന്ദ്ര നൈപുണ്യ വികസന-സംരംഭകത്വ സഹമന്ത്രിയും, വിദ്യാഭ്യാസ സഹമന്ത്രിയുമായ ജയന്ത് ചൗധരി ഇന്നലെ ഗുജറാത്തിലെ സൂററ്റ് ഐ ടി ഐ സന്ദർശന വേളയിൽ

പറഞ്ഞു. നൈപുണ്യ വികസനത്തിന്റെ ഒരു പുതിയ മാതൃകയുടെ ആവിർഭാവത്തിനാണ് ഇന്ത്യ സാക്ഷ്യം വഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

*********************************

## CENSUS

സെൻസസ് 2027 ന്റെ ഭാഗമായുള്ള വിവരണശേഖരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഈ മാസം 30 വരെ തുടരും. വീടുകളുടെ സെൻസസും പട്ടികപ്പെടുത്തലുമാണ് ഈ ഘട്ടത്തിൽ നടക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിലാണ് ജനസംഖ്യ കണക്കെടുപ്പ് നടക്കുക.

*********************************

## P VIJAYAN - SABARIMALA

ക്രമസമാധാനച്ചുമതലയുള്ള ADGP-പി. വിജയനെ ശബരിമല ചീഫ് പോലീസ് കോർഡിനേറ്ററായി നിയോഗിച്ചു. തീർഥാടനകാലത്ത് ശബരിമല, പമ്പ, നിലയ്ക്കൽ അടക്കമുള്ള പ്രദേശങ്ങളിലെ പോലീസ് സേനയുടെയും തിരക്കു നിയന്ത്രണത്തിന്റെയും ചുമതലയാണ് നൽകിയിരിക്കുന്നത്.